"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

വനിതാ ശിശു വികസന വകുപ്പ് - വനിതാ ശിശു വികസന ഡയറക്ടറേറ്റിലും, അനുബന്ധ കാര്യാലയങ്ങളിലും കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനിതാ ശിശു വികസന (സി) വകുപ്പ്

സ.ഉ.(സാധാ) നം.291/2026/WCDD തീയതി,തിരുവനന്തപുരം, 19-08-2026

---

പരാമർശം:- 1. 15.04.2025 ലെ സ.ഉ.(സാധാ) നം. 152/2025/വശിവിവ

2. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറുടെ 02.07.2026 ലെ DWCD/2407/2026-D1 നമ്പർ കത്ത്.

<u>ഉത്തരവ്</u>

വനിതാ ശിശു വികസന ഡയറക്ടറേറ്റിലേക്കും അനുബന്ധ കാര്യാലയങ്ങളിലേക്കും ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ വാഹനം വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 2026 ഏപ്രിൽ മാസം മുതലുള്ള വാഹന വാടക ബില്ലുകൾ ഭൂരിഭാഗം ട്രഷറികളും ഒബ്ജക്ഷൻ നൽകി മടക്കുന്നത് കാരണം കരാറുകാർക്ക് സമയബന്ധിതമായി വാടക തുക മാറി നൽകാൻ സാധിക്കാത്തതിനാലും, പോഷൻ അഭിയാൻ പോലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സുഗമമായ നടത്തിപ്പിനും കൃത്യമായ മോണിറ്ററിംഗിനും വാഹന സൗകര്യം അത്യാവശ്യമായതിനാലും ഒരു വർഷത്തേക്ക് കൂടി വാഹനങ്ങൾ വാടകയ്ക്ക് എടുക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വനിതാ ശിശു വികസന ഡയറക്ടറേറ്റിലും അനുബന്ധ കാര്യാലയങ്ങളിലും ഡ്രൈവർ തസ്തിക നിലവിലുള്ള കാര്യാലയങ്ങളിൽ dry lease വ്യവസ്ഥയിൽ പ്രതിമാസ വാടക 28,000/- രൂപ നിരക്കിലും, ഡ്രൈവർ തസ്തിക നിലവില്ലാത്ത കാര്യാലയങ്ങളിൽ wet lease വ്യവസ്ഥയിൽ പ്രതിമാസ വാടക 35,000/- രൂപ നിരക്കിലും കരാർ അടിസ്ഥാനത്തിൽ വാഹനങ്ങൾ മുൻ വർഷത്തെ വ്യവസ്ഥകൾക്ക് വിധേയമായി ഒരു വർഷം കൂടി വാടകയ്ക്ക് എടുക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, , തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടൻ്റ് ജനറൽ (ഓഡിറ്റ്/എ & ഇ),കേരളം, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നമ്പർ. സി3/121/2026-വശിവിവ)

ഉത്തരവിൻ പ്രകാരം

Digitally signed by
Hena. R Raj
Date: 20-08-2026
11:16:00

സെക്ഷൻ ഓഫീസർ

Endt/No. ഡWCD/2407/2026-ഡ1 ; 21/8/2026

ശിശുവികസന പദ്ധതി ഓഫീസുകളിലെയും, പ്രോഗ്രാം ഓഫീസുകളിലെയും കാർ വാഹന വാടക മേൽ ഉത്തരവ് പ്രകാരം തുക നൽകുന്നതിന് നിർദ്ദേശിക്കുന്നു.

വനിതാ ശിശുവികസന ഡയറക്ടർക്കുവേണ്ടി

പ്രദീപ് .പി
സീനിയർ സൂപ്രണ്ട്
പെൻ: 2…77
വനിതാ ശിശുവികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം-12

1. എല്ലാ ശിശുവികസനപദ്ധതി ഓഫീസർമാർക്കും,
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.